പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1873 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് നടപടി

ചോദ്യം

ശ്രീ. കെ.ജെ. മാക്സി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മതിയായ രേഖകളില്ലാതെയും നിയമാനുസൃതമല്ലാതെയും സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ പരിശോധന കർശനമാക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ, പരിശോധന നടത്തുന്നതിന് ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിച്ച് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിനും അതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പും, പോലീസ് . വകുപ്പും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലുള്ള രണ്ട് സ്ക്വാഡുകൾ പ്രവർത്തിച്ച് വരുന്നതുമാണ്. ടി സ്ക്വാഡുകളുടെ പ്രവർത്തനം മൂലം തിരുവനന്തപുരം ജില്ലയിലെ അനധികൃത സമാന്തര സർവ്വീസുകളെ കർശനമായി തടയുന്നതിനും, കെ.എസ്.ആർ.ടി.സി.യുടെ ടി മേഖലകളിലെ വരുമാന ചോർച്ച തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന റൂട്ടുകളിൽ പരിശോധന നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ ഉദ്യോഗസ്ഥർക്കൊപ്പം ആവശ്യമുള്ള ഉദ്യോഗസ്ഥരെ മോട്ടോർ വാഹന വകുപ്പ് നിയമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ